കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 15, ചൊവ്വ

വാല്യം 156| ഔദ്യോഗിക റിപ്പോർട്ട് |നമ്പർ 25

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2014 ജൂലൈ മാസം 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ.....ചോദ്യം നമ്പർ *721.

ഒ. എം. ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം

1 (*721) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തുന്ന ഒ. എം. ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിനും വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) പി.എസ്.സി. നടത്തുന്ന ഒ.എം.ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം വേഗത്തിലും കുറ്റമറ്റരീതിയിലുമാണ് നടത്തുന്നത്.

(ബി&സി) അത്യാധുനിക സാങ്കേതിക വിദ്യകളാണ് നിലവിൽ ഉപയോഗിക്കുന്നത്. അത്യാധുനിക കമ്പ്യൂട്ടറുകളും സ്കാനറുകളും ഉപയോഗിച്ചാണ് മൂല്യനിർണ്ണയം നടത്തുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, മൂല്യനിർണ്ണയത്തിന്റെ കാര്യത്തിൽ കേരളം വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. അതോടൊപ്പം ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കുന്ന കാര്യത്തിലും ഓൺലൈൻ പരീക്ഷകൾ നടത്തുന്ന കാര്യത്തിലും ഇന്ന് വിജയിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥിയെ സംബന്ധിച്ച് വേഗത്തിൽ നോട്ടിഫിക്കേഷനും പരീക്ഷയും മൂല്യനിർണ്ണയവും വേണം. അതേ വേഗത്തിൽ നിയമനവും കൂടി നടന്നില്ലെങ്കിൽ മൂല്യനിർണ്ണയം വേഗത്തിലാക്കിയതിന്റെ പ്രയോജനം കിട്ടാതെപോകും. കഴിഞ്ഞ ഗവൺമെന്റിനെ അപേക്ഷിച്ച് ഈ ഗവൺമെന്റ് പി.എസ്.സി. വഴി കൂടുതൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ കണക്കെല്ലാം ഇവിടെയുണ്ട്. ചില റാങ്ക് ലിസ്റ്റുകളുടെ കാര്യത്തിലെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വകുപ്പ് തലവൻമാർ കാണിക്കുന്ന വീഴ്ച കാരണം ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട നിയമനം വൈകിപ്പിക്കുകയും നിഷേധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് അടിയന്തരമായി ഒരു സർക്കുലർ വകുപ്പുതലവൻമാർക്ക് കൊടുക്കാൻ ചീഫ് സെക്രട്ടറിക്ക് അങ്ങ് നിർദ്ദേശം നൽകുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അതുസംബന്ധിച്ച വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥരുടെ പേരിൽ എക്സ്പ്ലനേഷൻ ചോദിക്കും, അവർ മറുപടി നൽകേണ്ടിവരും. അങ്ങനെ ചിലരോട് ഇതിനകം എക്സ്പ്ലനേഷൻ ചോദിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ശരിയാണ്. പരീക്ഷ നടത്തുന്നതിൽ അത്യാധുനികമായ സിസ്റ്റമാണ് സ്വീകരിച്ചിട്ടുള്ളത്. യു.പി.എസ്.സി. -യിലും ഇതേ മാർഗ്ഗമാണുള്ളത്. അത്യാധുനിക സ്കാനറുകളാണ് അക്കാര്യത്തിൽ നമ്മൾ ഉപയോഗിക്കുന്നത്. വാല്യുവേഷൻ കഴിഞ്ഞതിന് ശേഷം കാലതാമസം ഉണ്ടാകുന്നുണ്ട്. ഇന്റർവ്യൂമായി ബന്ധപ്പെട്ട ജോലികളുള്ളതുകൊണ്ടാണ് കാലതാമസം വരുന്നത്. അതിലെ കാലതാമസമൊഴിവാക്കുന്നതിനുള്ള നടപടികൾ നിശ്ചയമായും സ്വീകരിക്കും.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഇപ്പോഴത്തെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് പല കാരണങ്ങളാൽ ദൗർഭാഗ്യം വന്ന റാങ്ക് ലിസ്റ്റാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ ഏകീകരണം വന്ന സമയത്താണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. പഴയ ലിസ്റ്റിൽ നിന്ന് സൂപ്പർന്യൂമററിയായി നിയമനം നടത്തിയതിനാൽ അന്ന് അവർക്ക് നിയമനം കിട്ടിയില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ പെൻഷൻ പ്രായം 56 വയസ്സായി നിജപ്പെടുത്തി. അപ്പോഴും ഈ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം കിട്ടിയില്ല. കൂടാതെ രണ്ട് ഇലക്ഷനും വന്നു. ഇനി പുതിയ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ വീണ്ടും പഴയ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭിക്കാത്ത സാഹചര്യമുണ്ട്. പി.എസ്.സി-യോട് പലപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നിർബന്ധപൂർവ്വം പറഞ്ഞ് പല റാങ്ക് ലിസ്റ്റുകളുടെയും കാലാവധി നീട്ടി ഉദ്യോഗാർത്ഥികളെ രക്ഷിച്ചിട്ടുണ്ട്. അതുപോലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാര്യത്തിലും അത്തരമൊരു സമീപനം സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ പ്രായം ഏകീകരിച്ചതും ഈ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ പ്രായം 56 ആക്കി നിജപ്പെടുത്തിയതും കാരണം നിയമനങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 56 വയസ്സിൽ റിട്ടയർ ചെയ്യുന്ന സാഹചര്യത്തിൽ എല്ലാ ഒഴിവുകളും ഒന്നിച്ചു വന്നു, അവസരം കിട്ടാതെ പോയി എന്ന് പറയുന്നത് ശരിയല്ല. എന്നാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കും. റാങ്ക് ലിസ്റ്റ് നീട്ടുന്നതിനെ സംബന്ധിച്ച് പി.എസ്.സി.-യുമായി ബന്ധപ്പെടുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഒ.എം.ആർ. മൂല്യനിർണ്ണയത്തിനുവേണ്ടി ആധുനിക സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. പക്ഷെ, എന്തു പറഞ്ഞാലും പി.എസ്.സി. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനെടുക്കുന്ന അനാവശ്യ കാലതാമസത്തിന് യാതൊരു ന്യായീകരണവുമില്ല. പരീക്ഷ എഴുതിയാൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ രണ്ട് മുതൽ നാല് വർഷം വരെ എടുക്കുന്ന സാഹചര്യമാണുള്ളത്. ലോകം മാറി. മാനേജ്മെന്റ് സ്റ്റഡീസിന് വേണ്ടിയുള്ള MAT പരീക്ഷ, ലാ സ്കൂളുകൾക്ക് വേണ്ടിയുള്ള CLAT പരീക്ഷ ഇതെല്ലാം ഓൺലൈനായി ഇന്ത്യയിലെ നൂറുകണക്കിന് കേന്ദ്രങ്ങളിൽ നടത്തി വളരെ വേഗത്തിൽ റിസൽട്ട് വരികയാണ്. യൂറോപ്പിലെയും അമേരിക്കയിലെയും യൂണിവേഴ്സിറ്റി കളിലേക്ക് എഞ്ചിനീയറിംഗ് പരീക്ഷ കഴിഞ്ഞ് എം.എസ്.-ന് വേണ്ടി എൻട്രൻസ് എഴുതുന്നതിന് തിരുവനന്തപുരമുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിന് കേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളിൽ എം.എസ്-ന് എൻട്രൻസ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ഒരു മണിക്കൂറിനകം അവരുടെ റിസൽട്ട് അവിടെതന്നെ ലഭിക്കുന്നുമുണ്ട്. ലോകം ഇത്രമാത്രം മാറിയ കാലഘട്ടത്തിൽ 14 ജില്ലകളുള്ള ഈ സംസ്ഥാനത്ത് പി.എസ്.സി. പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ നാല് വർഷംവരെയെടുക്കുന്നുവെന്നുള്ളതിന് ഒരു ന്യായീകരണവുമില്ല. അതിനുവേണ്ടിയുള്ള സോഫ്ട്വെയർ ആവിഷ്കരിച്ച് ഏറ്റവും എളുപ്പത്തിൽ പരീക്ഷയുടെ റിസൽട്ട് വരുന്ന സംവിധാനമേർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ. നാല് വർഷമെന്ന് പറയുന്നത് എത്രമാത്രം ശരിയാണെന്ന് എനിക്ക് പരിശോധിക്കാതെ പറയാൻ സാധിക്കില്ല. കാലതാമസം വരുന്നുവെന്ന യാഥാർത്ഥ്യം ഞാൻ അംഗീകരിക്കുന്നു. പരീക്ഷ നടത്തിപ്പല്ല ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം. പരീക്ഷ കഴിഞ്ഞാൽ വേഗത്തിൽ വാല്യുവേഷൻ നടത്താനും അതിന്റെ റിസൽട്ടുണ്ടാക്കാനും സാധിക്കുന്നു. എന്നാൽ ഇന്റർവ്യൂവിനും അതിനുശേഷംവരുന്ന സെലക്ഷനും വളരെയേറെ താമസം വരുന്നുണ്ട്. ഒരു കാരണവശാലും ഒരു വർഷത്തിനപ്പുറത്തേക്ക് പോകാതെ കഴിയുന്നത്ര നേരത്തെ കുറ്റമറ്റ രീതിയിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്. കാലതാമസത്തെക്കുറിച്ചും മറ്റും എന്തൊക്കെ വിധത്തിലുള്ള ആക്ഷേപങ്ങളുണ്ടെങ്കിലും ആക്ഷേപങ്ങൾക്കതീതമായ രീതിയിൽ പ്രവർത്തിക്കാൻ കാലാകാലങ്ങളിൽ പി.എസ്.സി.-ക്ക്

സാധിച്ചിട്ടുണ്ട്. അത് വലിയൊരാശ്വാസമാണ്. പി.എസ്.സി.യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 25 ലക്ഷത്തിലധികമാണ്. ഒരാൾ തന്നെ പല പരീക്ഷ എഴുതുന്നതുകൊണ്ട് അപേക്ഷകൾ സ്വീകരിക്കുമ്പോൾ ഒരു വർഷം 50-60 ലക്ഷം വരും. അതിനർത്ഥം ജോലി കിട്ടാൻ ആഗ്രഹിക്കുന്ന, പി.എസ്.സി.-യുടെ നിബന്ധനയ്ക്ക് വിധേയമായി പരീക്ഷ എഴുതാൻ സാധിക്കുന്ന ചെറുപ്പക്കാരുടെ എണ്ണം 25 ലക്ഷമാണെന്നാണ് കണക്ക്. അവിടെ സജ്ജനപക്ഷപാതവും അഴിമതിയുമാണ് നടക്കുന്നതെങ്കിൽ അത് വലിയൊരു ആഘാതമാണ്. അക്കാര്യത്തിൽ പി.എസ്.സി.-യെക്കുറിച്ച് അഭിമാനമുണ്ട്. കാലതാമസമൊഴിവാക്കാൻ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ് : സർ, പി.എസ്.സി പരീക്ഷ കഴിഞ്ഞുള്ള കാലതാമസം 2-3 വർഷമല്ല. ഇന്റർവ്യൂവിന് 5 വർഷമായി കാത്തിരിക്കുന്നവരുണ്ട്. ഒരുപാട് പരീക്ഷകളാണ് പി.എസ്.സി. നടത്തുന്നത്. ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ്- ലോവർ, ഹയർ കൂടാതെ മാനുവൽ ഓഫ് ഓഫീസ് പ്രൊസീഡ്യുവർ ഇതൊക്കെപ്പോലും ഉദ്യോഗസ്ഥർക്കുവേണ്ടി നടത്തുന്നത് പി.എസ്.സി.-യാണ്. 60 ലക്ഷത്തോളം വരുന്ന അപേക്ഷകരുടെ പരീക്ഷ നടത്തുന്നതും പി.എസ്.സി.-യാണ്. ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഒരാളാണ് പരീക്ഷയുടെ മുഴുവൻ മേൽനോട്ടം വഹിക്കുന്നത്. ഒരു ഡെപ്യൂട്ടി സെക്രട്ടറിക്ക് 60 ലക്ഷത്തോളം വരുന്ന അപേക്ഷകരുടെ അപേക്ഷ പരിഗോധിച്ച് പരീക്ഷ ഒരു വർഷം കൊണ്ട് നടത്തുന്നതിന് കഴിയില്ല. രാവും പകലും പ്രവർത്തിച്ചാലും നടക്കില്ല. അതിനുള്ള സംവിധാനവും കുറവാണ്.

മി. സ്പീക്കർ : യെസ്...യെസ്....

ശ്രീ. എം. എ. വാഹീദ് : സർ, വല്ലപ്പോഴുംകൂടിയാണ് ഞാൻ ഒരു ചോദ്യം ചോദിക്കുന്നത്. ചെയറിന്റെ അനുവാദത്തോടുകൂടിയുള്ള ഉപചോദ്യമോ എനിക്ക് കിട്ടിയിട്ടില്ല. ഒരു ചോദ്യം ചോദിക്കാനുള്ള സാവകാശം അങ്ങ് തരണം

മി. സ്പീക്കർ : പ്ലീസ്.... ഈ സഭയിലെ എല്ലാ അംഗങ്ങൾക്കുമറിയാം ശ്രീ. എം. എ. വാഹീദ് ഒരു ഉപചോദ്യവും ആവശ്യപ്പെടാറില്ല. ആവശ്യപ്പെടുന്നവർക്ക് ചെയർ അവസരം കൊടുത്തിട്ടുണ്ട്.

ശ്രീ. എം. എ. വാഹീദ് : ഒരുപാട് പ്രാവശ്യം കൈപൊക്കിയിട്ടുണ്ട്. കിട്ടിയിട്ടില്ല. പരീക്ഷാ ബോർഡ് പി.എസ്.സി.-യുടെ കീഴിൽ സ്ഥാപിക്കുവാൻ സർക്കാർ തയ്യാറാകുമോ ? എങ്കിൽ കാലവിളംബം കൂടാതെ പരീക്ഷ നടത്തുവാനും റിസൾട്ട് പ്രസിദ്ധീകരിക്കാനും കഴിയും. അതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷന്റെ കീഴിൽ ഉയർന്ന ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പരീക്ഷാ ബോർഡ് സ്ഥാപിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കാലതാമസമുണ്ടെന്നുള്ളത് അഡ്മിറ്റ് ചെയ്യുന്നു. ഒരു പരീക്ഷ നടത്തിയാൽ രണ്ടുവർഷത്തിനുള്ളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നാണ് ഇപ്പോൾ പി.എസ്.സി. എടുത്തിരിക്കുന്ന തീരുമാനം. അതനുസരിച്ചുള്ള സർക്കുലർ പി.എസ്.സി.-യിൽ ഇഷ്യൂ ചെയ്തിട്ടുണ്ട്.

രണ്ടു വർഷം തന്നെ കൂടുതലാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇവിടെ ശ്രീ. വി. ഡി. സതീശനും ശ്രീ. എം. എ. വാഹീദും പ്രകടിപ്പിച്ച വികാരത്തോട് ഞാനും ചേരുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് പി.എസ്.സി.-യുമായി ചർച്ച ചെയ്യാം. കൂടുതൽ സ്റ്റാഫിനെ വിട്ടുകൊടുക്കണമെന്നുള്ള ആവശ്യം അവർക്കുണ്ട്. കുറച്ച് സ്റ്റാഫിനെ അനുവദിച്ചിട്ടാണെങ്കിലും ഒരു പരീക്ഷ നടത്തിക്കഴിഞ്ഞാൽ ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ രണ്ടു കൊല്ലമെന്നുള്ളത് എത്രമാത്രം കുറയ്ക്കാൻ സാധിക്കുമെന്നുള്ളത് അവരുമായി ചർച്ച ചെയ്യുന്നതാണ്.

മി. സ്പീക്കർ : എനിക്ക് ശ്രീ. എം. എ. വാഹീദുമായി അതിർത്തി തർക്കമോ വസ്തുതർക്കമോ ഒന്നുമില്ല. എല്ലാവരെയും പോലെ താങ്കൾ എന്റെ സഹപ്രവർത്തകനും സഹോദരനുമാണ്. എന്റെ കണ്ണുകൾക്ക് കുഴപ്പമുള്ളതായി ഇതുവരെയും ഡോക്ടർമാർ പറഞ്ഞിട്ടില്ല. ഞാൻ ശരിക്കും കാണാറുണ്ട്. കൈയുയർത്താതെ, ഉപചോദ്യങ്ങൾ ചോദിക്കാൻ താല്പര്യമില്ലാതെ *** ആയി അവിടെയിരിക്കുന്ന താങ്കൾ ഇപ്പോൾ പറഞ്ഞത് ഒട്ടും ശരിയായില്ല.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഒ.എം.ആർ. പരീക്ഷാരീതി പരീക്ഷിക്കുന്നതോടൊപ്പം ഓൺലൈൻ എക്സാമിനേഷൻ സെന്ററുകൾ പി.എസ്.സി. ആരംഭിക്കുന്നതായി നേരത്തെ പത്രത്തിൽ കണ്ടു. ഇന്ത്യയിൽ രാജസ്ഥാനിലോ മറ്റോ ആണ് ഇങ്ങനെ പരീക്ഷിച്ചുനോക്കിയിട്ടുള്ളത്. അത് വളരെ ഇഫക്ടീവാണ്. വളരെ പെട്ടെന്ന് റിസൾട്ട് വരാനും മറ്റു കാര്യങ്ങൾക്കും ഇത് സഹായകമാകും. അത് പി.എസ്.സി.-യിൽ ഇൻട്രോഡ്യൂസ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുമോ ? വൺ ടൈം രജിസ്ട്രേഷൻ വഴി രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഏതെങ്കിലും തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ നമ്മുടെ പേര് ഫീഡ് ചെയ്തുകൊടുത്താൽ; നമ്മുടെ എല്ലാ വിവരങ്ങളും പി.എസ്.സി.-യിൽ അവയിലബിളാകുന്ന ഒരു സിസ്റ്റം കൂടി അറേഞ്ച് ചെയ്യുമെന്ന് കേൾക്കുന്നുണ്ട്. ഇത് ഉടനെ നടപ്പിലാകുന്നതാണോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഓൺലൈൻ പരീക്ഷ, വൺ ടൈം രജിസ്ട്രേഷൻ എന്നീ രണ്ട് ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. ഇന്നിപ്പോൾ വൺ ടൈം രജിസ്ട്രേഷൻ പെർമനന്റായിട്ടുണ്ട്. ആ രജിസ്ട്രേഷനിലൂടെ ഉദ്യോഗാർത്ഥികൾ ആഗ്രഹിക്കുന്ന ഏത് പരീക്ഷയ്ക്കും അവരുടെ പേരു കൂടി ഉൾപ്പെടുത്തുന്ന സമ്പ്രദായമേർപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചതെന്ന് തോന്നുന്നു. ഇത് രണ്ടിന്റെയും സാധ്യതകൾ പ്രത്യേകമായി പരിശോധിച്ച് അതിൻമേൽ നടപടി എടുക്കുന്നതായിരിക്കും.

ശ്രീ. എ. കെ. ബാലൻ : സർ, ഒ.എം.ആർ. ഷീറ്റിൽ കമ്പ്യൂട്ടർ വാല്യുവേഷൻ നടക്കുന്നതിനുമുമ്പ് മാനിപ്പുലേഷൻ നടത്താനുള്ള സാദ്ധ്യത ഇന്നത്തെ സമ്പ്രദായത്തിലുണ്ട്. പരീക്ഷയും വാല്യുവേഷനും തമ്മിലുള്ള ഇടവേള ഈ വ്യാജത്തിന് കുറച്ചു കൂടി ആക്കം കൂട്ടുകയാണ്. വ്യാജ എ.ടി.എം. കാർഡുപയോഗപ്പെടുത്തി കാശ് തട്ടുന്ന നാടാണിത്. കള്ളനോട്ടടി വളരെ

**** പിൻവലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

സാർവ്വത്രികമാണ്. അത്തരമൊരു സാഹചര്യത്തിൽ യഥാർത്ഥത്തിൽ ഈ ഒബ്ജക്ടീവ് ടൈപ്പ് ചോദ്യം ഒരു കുലുക്കിക്കുത്താണ്, ഭാഗ്യപരീക്ഷണമാണ്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ പെട്ടെന്ന് പരീക്ഷ നടത്തി വാല്യുവേഷൻ നടത്തുന്നതിനുള്ള സംവിധാനമില്ലെങ്കിൽ അർഹതപ്പെട്ട പലർക്കും ജോലി കിട്ടില്ല, അനർഹരായവർ ഈ മാനിപ്പുലേഷൻ ഉപയോഗിക്കുകയും ചെയ്യും. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, പി.എസ്.സി. പരീക്ഷയുടെ വിശ്വസനീയത വിവാദങ്ങൾക്കതീതമായി മുമ്പോട്ടു കൊണ്ടുപോകണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. കാലാകാലങ്ങളിൽ പി.എസ്.സി. അത് കാത്തുസൂക്ഷിച്ചിട്ടുമുണ്ട്. അതുകൊണ്ടാണ് നിയമനങ്ങളെല്ലാം പി. എസ്. സി.-ക്ക് വിടണമെന്ന് കക്ഷി രാഷ്ട്രീയത്തിന് അതീതമായി എല്ലാപേരും ആവശ്യപ്പെടുന്നത്. അതിനൊരു വിശ്വാസക്കുറവും ഉണ്ടാകാത്ത വിധത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ പരീക്ഷ നടത്തി ഏറ്റവും വേഗത്തിൽ റിസൾട്ട് വരേണ്ടതാവശ്യമാണ്. അത് പരാതിക്കതീതമാക്കാനും സഹായകരമാവും. അതിനുവേണ്ടി പരമാവധി ശ്രമിക്കുന്നതാണ്. രണ്ടു കൊല്ലത്തിനുള്ളിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്നുള്ളത് കുറച്ചുകൊണ്ടുവരാൻ സാധിക്കുമോയെന്നുള്ളത് പരിശോധിക്കുമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, പി.എസ്.സി.-യുടെ സേവനം വളരെ ഫലപ്രദമാക്കുന്നതിന് സഹായകരമായ രീതിയിലാണ് ഇന്നിവിടെ ഈ ചോദ്യം വന്നിട്ടുള്ളത്. വളരെ ശ്രദ്ധേയമായ ഒരു കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2007-ൽ വിജ്ഞാപനം പുറപ്പെടുവിച്ച എസ്.ഐ. സെലക്ഷന് 2013-ലാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. ആ ലിസ്റ്റിൽ ഏതാണ്ട് 898 പേരുണ്ട്. എന്നാൽ 292 പേരെയാണ് ഫെഡ്കാർട്ടേഴ്സ് ആവശ്യപ്പെട്ടിട്ടുള്ളത്. 164 ഓളം ഒഴിവുകൾ ഇനിയുണ്ടെന്ന് പറയുന്നു. ആറുകൊല്ലം കാത്തിരുന്ന ഈ ഉദ്യോഗാർത്ഥികളെ സഹായിക്കാൻ ഡിപ്പാർട്ട്മെന്റ് ആ ഒഴിവുകൾ എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്യിപ്പിച്ച് എത്രയുംവേഗം നിയമനം നടത്തുന്നതിന് പി.എസ്.സി.-യോട് ആവശ്യപ്പെടണമെന്നും അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ആറുവർഷത്തെ കാലതാമസം ഒരിക്കലുമുണ്ടാകാൻ പാടില്ലാത്തതായിരുന്നു. ഒഴിവുള്ള പോസ്റ്റുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ഒരു വീഴ്ചയും ഒരു ഡിപ്പാർട്ടുമെന്റും സ്വീകരിക്കില്ല. എല്ലാ വകുപ്പുകൾക്കും വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് പരാതികൾ പത്രങ്ങളിൽ വരികയോ നേരിട്ട് ലഭിക്കുകയോ ചെയ്താൽ അപ്പോൾ തന്നെ അതാത് മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഒഴിവുകൾ പി.എസ്.സി.-ക്ക് കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്ന കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞാലും പല വകുപ്പുകളും അതിൽ ഗുരുതരമായ വീഴ്ച വരുത്തിക്കൊണ്ടിരിക്കുകയാണ്. അത് അങ്ങ് പരിശോധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. പി.എസ്.സി.-യാണ് പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമൊക്കെ ചെയ്യുന്നത്. വിശറിക്ക് കാറ്റുവേണ്ട എന്നു പറയുന്നതു പോലെ പി.എസ്.സി.-യിലെ ഒഴിവുകൾ പലതും നികത്താതെ കിടക്കുകയാണ്. നൂറുകണക്കിന് ഒഴിവുകളാണ് അവിടെയുള്ളത്. ആ ഒഴിവുകൾ നികത്താത്തതു കൊണ്ട് പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവുമുൾപ്പെടെയുള്ള കാര്യങ്ങൾ നടത്താൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്താൻ കാലതാമസമെടുക്കുന്നതിന് മുഖ്യകാരണം പബ്ലിക് സർവ്വീസ് കമ്മിഷന്റെ തന്നെ ഒഴിവുകൾ നികത്താത്തതാണ്. പി.എസ്.സി. എന്ന സ്ഥാപനത്തിലെ ഒഴിവുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നികത്തുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പി.എസ്.സി.-യിലെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽ വന്നിട്ടില്ല. അത് ഞാൻ പ്രത്യേകം പരിശോധിക്കാം. പി.എസ്.സി.-ക്ക് കൂടുതൽ തസ്തികകൾ അനുവദിക്കണമെന്നുള്ള ആവശ്യം പി.എസ്.സി. ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുറേ നാളുകൾക്ക് മുമ്പ് കുറച്ച് തസ്തികകൾ അനുവദിച്ചു. ഇനി കുറച്ചു പോസ്റ്റുകൾ കൂടി വേണമെന്ന് പി.എസ്.സി. ചെയർമാൻ നേരിട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഗവൺമെന്റ് പരിഗണിക്കും. തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ അത് ഉടൻതന്നെ നികത്തുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ : സർ, പി.എസ്.സി.-യുടെ ഒ.എം.ആർ. ചോദ്യങ്ങളുടെയെല്ലാം ഉത്തരം പലപ്പോഴും തെറ്റായി രേഖപ്പെടുത്താറുണ്ട്. ഉത്തരസൂചിക വരുമ്പോൾ തെറ്റായിരിക്കും. അല്ലെങ്കിൽ ആ ഉത്തരം തന്നെ ഒന്നിൽ കൂടുതൽ തവണ ആവർത്തിക്കപ്പെടും. സാധാരണ ഇത്തരം ചോദ്യങ്ങൾ അറ്റംപ്റ്റ് ചെയ്യുന്നയാളുകൾക്ക് അതിന്റെ മാർക്ക് കൊടുക്കാറുണ്ട്. കഴിഞ്ഞ ദിവസം നടത്തിയ പഞ്ചവത്സര എൽ.എൽ.ബി. പരീക്ഷയുടെ രണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരം തെറ്റായിരുന്നു. ഉദാഹരണത്തിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര ദിവസമാണ് മിനിമം ജോലി നൽകേണ്ടത് എന്ന ചോദ്യത്തിന് രണ്ടു പ്രാവശ്യം 100 എന്നെഴുതിയിട്ടുണ്ട്. അതിൽ (ബി) അല്ലെങ്കിൽ (ഡി) രേഖപ്പെടുത്തിയാലും ശരിയാകേണ്ടതാണ്. പക്ഷേ അവർ ഉത്തരസൂചികയിൽ കൊടുത്തിരിക്കുന്നത് മറ്റൊരു ഉത്തരമാണ്. അതുപോലെ മറ്റൊരു ചോദ്യവും ഇത്തരത്തിലുണ്ട്. ഇത്തരം ചോദ്യങ്ങൾ അറ്റംപ്റ്റ് ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് മാർക്ക് നൽകാറുണ്ട്. അത് സാധിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ചോദ്യങ്ങളെക്കുറിച്ച് പരാതി പലപ്പോഴും വന്നിട്ടുണ്ട്. ചോദ്യങ്ങളെക്കുറിച്ച് വരുന്ന പരാതികൾ പരിശോധിച്ച് ഫൈനൽ ആൻസർ കീ പ്രസിദ്ധപ്പെടുത്തിയതിനുശേഷമാണ് ഒ.എം.ആർ. വാല്യുവേഷൻ നടക്കുന്നത്. വളരെ വിപുലമായ സംവിധാനമാണ് ഇതിനുവേണ്ടിയുള്ളത്.

ഒരു വർഷം 50 ലക്ഷം പേരുടെ പേപ്പറുകളാണ് വാല്യൂവേഷൻ നടത്തേണ്ടി വരുന്നത്. പരമാവധി പരാതിയില്ലാത്ത വിധത്തിലാക്കാനാണ് ശ്രമിക്കുന്നത്. ചില പരീക്ഷകളെക്കുറിച്ച് പരാതി വരും. പരാതി വരുന്നതിന്റെ അടിസ്ഥാനത്തിൽ ചില പരീക്ഷകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. ശ്രീ. റ്റി. എ. അഹമ്മദ് കബീർ പറഞ്ഞ എസ്.ഐ.-മാരുടെ സെലക്ഷൻ ടെസ്റ്റിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് അതിനകത്ത് കൃത്രിമം നടന്നിട്ടുണ്ടെന്ന പരാതി വന്നതിനെത്തുടർന്ന് ആ പരീക്ഷ ക്യാൻസൽ ചെയ്തു. അതുകൊണ്ടാണ് അതിന്റെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ വളരെയധികം കാലതാമസമുണ്ടായത്. പരീക്ഷയുടെ വിശ്വസനീയത നിലനിർത്താൻവേണ്ടി എല്ലാവിധത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ശ്രീ. ഹൈബി ഈഡൻ ഇവിടെ പറഞ്ഞതുപോലെ ചോദ്യങ്ങളെക്കുറിച്ചുള്ള പരാതികളുണ്ടെങ്കിൽ ആ പരാതികൾ കൂടി പരിശോധിച്ച് പരിഹാരമുണ്ടാക്കിയതിനുശേഷമാണ് വാല്യൂവേഷനിലേക്ക് പോകുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എം. എ. വാഹീദിന്റെ ചോദ്യോത്തര സമയത്ത് ***ആയി എന്നൊരു പ്രയോഗം എന്റെ ഭാഗത്തുനിന്നുണ്ടായി. അത് തെറ്റായിപ്പോയി എന്ന് എന്റെ മനസാക്ഷി എന്നോടു പറയുന്നു. അതിനാൽ ആ പ്രയോഗം ഖേദപൂർവ്വം പിൻവലിക്കുന്നു.

ചോദ്യം നമ്പർ *722 *724-മായി ക്ലബ് ചെയ്യുന്നു.

പോലീസ് സേനയിലെ സംഘടനാ പ്രവർത്തനം

2 (*722) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ സംഘടനാ പ്രവർത്തനങ്ങൾക്കെതിരെ ഹൈക്കോടതി വിമർശനമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ ഒരു വിമർശനം ഉണ്ടാകാനിടയായ സാഹചര്യങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഹൈക്കോടതി വിമർശനത്തിന്റെ പശ്ചാത്തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) പോലീസിലെ സംഘടനാ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വാക്കാലുള്ള പരാമർശം നടത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മനോജ് വധക്കേസ്സുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 84/12 കേസ്സിന്റെ തുടരന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോധിപ്പിച്ച ഒരു പൊതുതാൽപര്യ ഹർജി (W.P. (c) 3151/14) പരിഗണിക്കവെയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വാക്കാലുള്ള പരാമർശം നടത്തിയിട്ടുള്ളത്.

*** പിൻവലിച്ചു

LIBRARY ARCHIVES Kerala Legislative Assembly